Uncorrected/Not for publication
29-09-2025

നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(ii) 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

ക്രമപ്രശ്നം

(ശ്രീ. രമേശ് ചെന്നിത്തല സീറ്റിലില്ലാത്തതിനാൽ അദ്ദേ**ഹം** നോട്ടീസ് നൽകിയ ക്രമപ്രശ്നം അവതരിപ്പിക്കപ്പെട്ടില്ല.)

Uncorrected/Not for publication
29-09-2025

ബില്ലിലെ അപാകത

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലെ 5-ാം വകുപ്പിൽ മുനിസിപ്പാലിറ്റിയിൽ ആഭ്യന്തര വിജിലൻസും മോണിറ്ററിങ് സംവിധാനവും ഏർപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. അതിനുവേണ്ടി ഉദ്യോഗസ്ഥരെ നിയോഗിക്കുമ്പോൾ യാത്രാബത്ത ഉൾപ്പെടെയുള്ള ഇനങ്ങളിൽ അധിക ചെലവുണ്ടാകും. ഇക്കാര്യങ്ങൾക്കുവേണ്ടി ഉദ്യോഗസ്ഥർക്ക് ടി.എ.-യും ഡി.എ.-യും കൊടുക്കേണ്ടി വരും, അതിന് ചെലവുണ്ടാകും. എന്നാൽ ചട്ടം 73-ൽ പരാമർശിക്കുന്ന പ്രകാരം അക്കാര്യം ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമായി ഉൾപ്പെടുത്തിയിട്ടില്ല.

അതുപോലെ, 'Powers to impose taxes by, and Funds of, the Municipalities,

The Legislature of a State may, by law, - authorise a Municipalities to levy, collect and appropriate such taxes, duties, tolls and fees in

accordance with such procedure and subject to such limits;' എന്നാണ് ഭരണഘടനയുടെ ആർട്ടിക്കിൾ 243-ൽ വിഭാവനം ചെയ്തിരിക്കുന്നത്. ‘ without payment of license fee at such rate as may be prescribed by the Government for each purpose or at such rate as the Municipality may fix subject to the said rate by a notification published in such manner as may be prescribed' എന്നാണ് മൂലനിയമത്തിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ഇവിടെ സെക്ഷൻ 447 (i) (1) (ബി)-ൽ വരുത്തിയിട്ടുള്ള ഭേദഗതി ഭരണഘടനയുടെ അനുച്ഛേദം 243-ന്റെ അന്തഃസത്തയ്ക്ക് വിരുദ്ധമായിട്ടാണ് കാണുന്നത്. ഇത് അധികാര വികേന്ദ്രീകരണത്തിന്റെ തത്വങ്ങൾക്ക് വിരുദ്ധമാണ്. ഈ പുതിയ ഭേദഗതി നിയമത്തിലേക്ക് വരുമ്പോൾ "നിർണ്ണയിക്കാവുന്ന നിരക്കിലോ പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനപ്രകാരം നിശ്ചയിക്കാവുന്ന അങ്ങനെയുള്ള നിരക്കിലോ" എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കുംപകരം "നിർണ്ണയിക്കുന്ന”

എന്ന വാക്ക് ചേർക്കേണ്ടതാണ് എന്നാണ് പറഞ്ഞിട്ടുള്ളത്. ഇവിടെ മുനിസിപ്പാലിറ്റിക്ക് ഇനി അവരുടെ പരിധിക്കകത്തുനിന്ന് ലെവി, ഫീസ് നിർണ്ണയിക്കാൻ കഴിയില്ല. സർക്കാർ തീരുമാനിക്കുന്നത് മുനിസിപ്പാലിറ്റി അംഗീകരിക്കണമെന്ന് വരുന്നത് മുനിസിപ്പാലിറ്റികളുടെ സ്വയംഭരണാവകാശങ്ങൾക്ക് വിരുദ്ധമാണ്. ഭരണഘടന സർക്കാരിന് നൽകുന്ന നിയമനിർമ്മാണത്തിന്റെ അധികാരത്തിന്റെ പുറത്താണ്. ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ/ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സ്വയംഭരണത്തെ ഈ അമെന്റ്മെന്റിൽക്കൂടി സർക്കാർ നൈസായി എടുത്തുകൊണ്ടുപോകുകയാണ്. അതുകൊണ്ട് ഈ അമെന്റ്മെന്റ് ഭരണഘടനാ വിരുദ്ധമാണ്. അവകാശങ്ങൾ കവർന്നെടുക്കുന്നതാണ്. അതുകൊണ്ടാണ് ഞാൻ ഈ ക്രമപ്രശ്നം ഉന്നയിക്കുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ അംഗം പി. സി. വിഷ്ണുനാഥ് പ്രധാനമായും 2 തടസ്സവാദങ്ങളാണ് ക്രമപ്രശ്നമായി

ഉന്നയിച്ചിട്ടുള്ളത്. അതിലൊന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നതാണ്. എന്ത് സാഹചര്യത്തിലാണെങ്കിലും പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിർത്തലാക്കി ഇന്റേണൽ വിജിലൻസ് സംവിധാനം കൊണ്ടുവരുമ്പോൾ അധിക ചെലവുണ്ടാകും എന്നതാണ് അദ്ദേഹം ആദ്യം ഉന്നയിച്ചിട്ടുള്ള കാര്യം. പെർഫോമൻസ് ഓഡിറ്റിലെ ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ടാണ് ഇന്റേണൽ വിജിലൻസ് സംവിധാനം കൊണ്ടുവരുന്നത്. അത് ബജറ്റിൽ തന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. 2020-21-ലെ ബജറ്റ് പ്രസംഗത്തിലെ 208-ാം ഖണ്ഡികയിൽ ഇക്കാര്യം പരാമർശിച്ചിട്ടുള്ളതാണ്. ഞാനത് വായിക്കാം. ‘ However, LSGD has 1000 employees in its DRDA and performance audit wings. Their duties are not relevant at present. More important tasks has to be done at lower levels. So, it is decided to re-deploy them. All of them will be re-deployed before the end this financial year.’ അതിന്റെയടിസ്ഥാനത്തിൽ പൊതുഭരണ വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. അതായത്, ഇത്

നിർത്തലാക്കിക്കൊണ്ട് 25-05-2022-ന് പൊതുഭരണ വകുപ്പിന്റെ ഉത്തരവ് വന്നുകഴിഞ്ഞിട്ടുള്ളതാണ്. റീ-ഡിപ്ലോയ്മെന്റാണ് എന്നുള്ളത് വളരെ വ്യക്തമാണ്. പുതുതായി ആരെയും നിയമിക്കുന്നില്ല. അതുകൊണ്ടുതന്നെ അധിക സാമ്പത്തിക ബാധ്യത വരുന്നില്ല. അതിനാൽ ആ തടസ്സവാദം നിലനിൽക്കുന്നതല്ല. ഞാൻ വിശദമായ കാര്യങ്ങളിലേക്കൊന്നും പോകുന്നില്ല. വകുപ്പിന്റെ ഏകീകരണത്തിനുശേഷം സ്പെഷ്യൽ റൂൾസ് വന്നിട്ടുണ്ട്. ആ സ്പെഷ്യൽ റൂൾസ് പ്രകാരം ഇക്കാര്യങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ പെർഫോമൻസ് ആഡിറ്റിനെ ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലെ ജോയിന്റ് ഡയറക്ടർമാരിൽ ഒരാളാക്കി മാറ്റി, പഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാരെ ഇന്റേണൽ വിജിലൻസ് ഓഫീസർമാരാക്കി മാറ്റി, പെർഫോമൻസ് ആഡിറ്റിലെ ജെ.എസ്., സീനിയർ ക്ലാർക്ക്, ഒ.എ. തസ്തികകൾ ജോലി ഭാരംകൂടിയ തദ്ദേശസ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കാൻ ഉത്തരവായിട്ടുണ്ട്. ജെ.എസ്.-മാരെ അസിസ്റ്റന്റ്

സെക്രട്ടറിമാർ ഇല്ലാത്ത 76 ഗ്രാമപഞ്ചായത്തുകളിലേക്കും ജോലിഭാരം കൂടിയ ഗ്രാമപഞ്ചായത്തുകളിലേക്കും പ്രിൻസിപ്പൽ ഡയറക്ടർ പുനർവിന്യസിച്ചിട്ടുണ്ട്. അതുകൊണ്ട് അധിക ബാധ്യത വരുന്നില്ല. സോഷ്യൽ ഓഡിറ്റ് സംവിധാനം നടപ്പാക്കുന്നുണ്ട്. അത് ചരിത്രപരമായൊരു കാര്യമാണ്, ഈ ബില്ലിലെ വ്യവസ്ഥയാണ്. ഇന്ത്യയിൽ ആദ്യമായി എല്ലാ വികസനക്ഷേമ പ്രവർത്തനങ്ങളെയും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്ന സോഷ്യൽ ഓഡിറ്റ് സംവിധാനം എന്നൊരു വ്യവസ്ഥകൂടി കൊണ്ടുവന്ന് രാജ്യത്തിന് കേരളം മറ്റൊരു കാര്യത്തിൽ കൂടി വഴി കാണിക്കുകയാണ്. അത് വാർഡ് സഭ, ഗ്രാമസഭ തുടങ്ങിയ ജനാധിപത്യ വേദികളിലൂടെയാണ്. അവിടെയും അധിക സാമ്പത്തിക ബാധ്യതയുടെ പ്രശ്നം വരുന്നില്ല.

അദ്ദേഹം രണ്ടാമതായി ഇവിടെ ഉന്നയിച്ച കാര്യത്തിൽ ഗൗരവമായിട്ടുള്ളൊരു ആരോപണം അടങ്ങിയിട്ടുണ്ട്. സംസ്ഥാന സർക്കാർ അധികാര വികേന്ദ്രീകരണത്തിന്റെ സത്തയെ തകർക്കുകയും അധികാര കേന്ദ്രീകരണത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നുവെന്നതാണ്. ഭരണഘടനയുടെ

ആർട്ടിക്കിൾ 243W പ്രകാരമാണല്ലോ മുനിസിപ്പാലിറ്റികൾക്ക് അധികാരം കിട്ടിയിട്ടുള്ളത്. Article 243W-ൽ പറയുന്നത്;

'Powers, authority and responsibilities of Municipalities, etc.

Subject to the provisions of this Constitution, the Legislature of a State may, by law, endow – (a) the Municipalities with such powers and authority as may be necessary to enable them to function as institutions of Self-Government and such law may contain provisions for the devolution of powers and responsibilities upon Municipalities, subject to such conditions as may be specified therein, with respect to- (i) the preparation of plans for economic development and social justice;

(ii) the performance of functions and the implementation of schemes…..' എന്നാണ്. ഇതിന്റെ രത്നച്ചുരുക്കം ഇതാണ്, ഭരണഘടന പറയുന്നത് നിയമസഭ നൽകുന്ന അധികാരങ്ങളാണ്. നിയമസഭ നൽകുന്ന അധികാരങ്ങളാണ് മുനിസിപ്പാലിറ്റിക്കുള്ളത് എന്നതാണ്. അതുകൊണ്ട് ഇത്

അധികാര കേന്ദ്രീകരണത്തിലേക്കല്ല നയിക്കുന്നത്, ഭരണഘടനാ വ്യവസ്ഥയുടെ സത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടുള്ളതാണ്. എന്തുകൊണ്ടാണ് ഇത്തരമൊരു വ്യവസ്ഥ കൊണ്ടുവരേണ്ടിവന്നത്; ലൈസൻസിന്റെ കാര്യത്തിൽ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായി നേരത്തെതന്നെ ഇത്തരത്തിലുള്ള ചില വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുണ്ട്. 2018-ൽ നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റിന്റെ ചുവടുപിടിച്ചുകൊണ്ട് ലൈസൻസ് സംവിധാനം കൂടുതൽ സുതാര്യമാക്കാനും പൗരസൗഹൃദമാക്കാനുമുള്ള ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. ബഹുമാന്യനായ അംഗത്തിന് അതറിയാം, അതുകൊണ്ട് അദ്ദേഹത്തിനും അക്കാര്യത്തിൽ തർക്കമുണ്ടാകുമെന്ന് തോന്നുന്നില്ല. പലപ്പോഴും നിസ്സാരമായ കാരണങ്ങൾ പറഞ്ഞുകൊണ്ട് യുക്തിസഹമല്ലാത്ത രീതിയിൽ ലൈസൻസുകൾ നിരസിക്കുന്ന പ്രവണത ധാരാളം ചർച്ച ചെയ്തിട്ടുള്ളതാണ്. നിക്ഷേപകരുടെയും സംരംഭകരുടെയും പരാതിയുണ്ട്, മന്ത്രിതലത്തിൽ തദ്ദേശ അദാലത്ത് നടത്തിയപ്പോൾ എല്ലായിടത്തും നൂറുകണക്കിന് പരാതികളാണ് ഇത്തരത്തിൽ

വന്നത്. ബഹുമാന്യരായിട്ടുള്ള എം.എൽ.എ.-മാരുടെ മുന്നിലും ഇത്തരത്തിലുള്ള പരാതികൾ വരാറുണ്ട്. ഇപ്പോൾ 1034 തദ്ദേശസ്ഥാപനങ്ങളുള്ളതിൽ പലതും ലൈസൻസ് അനുവദിക്കുന്ന കാര്യത്തിലും നിരസിക്കുന്ന കാര്യത്തിലുമൊക്കെ പലപ്പോഴും വളരെ ആർബിട്രറിയായ തീരുമാനങ്ങൾ എടുക്കുന്നു എന്നതിന്റെ പശ്ചാത്തലത്തിലാണ്, ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിനെയും ഈസ് ഓഫ് ലിവിങിനെയും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇക്കാര്യത്തിൽ കൂടുതൽ സുതാര്യമായി കാര്യങ്ങൾ നടക്കുന്നുവെന്ന് ഉറപ്പാക്കാനുള്ള വ്യവസ്ഥയാണ് കൊണ്ടുവന്നിട്ടുള്ളത്. ഇവിടെ ഒരു അധികാരവും കവർന്നെടുക്കുന്നില്ല. അധികാര വികേന്ദ്രീകരണം സംബന്ധിച്ച ഭരണഘടനാപരമായിട്ടുള്ള വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് തടസ്സവാദം നിലനിൽക്കില്ല.

റൂളിങ്

മി. സ്പീക്കർ: ഓർഡർ......ഓർഡർ.........ബില്ലിൽ വിശദമായ ധനകാര്യ മെമ്മോറാണ്ടം ഇല്ലെന്നും ബില്ലിന്റെ ഖണ്ഡം 9 പ്രകാരം മൂലനിയമത്തിന്റെ

വകുപ്പ് 447 (1) ബി-യിൽ വരുത്തിയ ഭേദഗതി ഭരണഘടനാനുസൃതമല്ലെന്നുമാണ് ശ്രീ. പി. സി. വിഷ്ണുനാഥ് തടസ്സവാദത്തിലൂടെ ഉന്നയിച്ചത്. ഇതുസംബന്ധിച്ചും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദമാക്കുകയുണ്ടായി.

ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം സ്വീകാര്യമാണെന്ന് കാണുന്നതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

എന്നാൽ ഭേദഗതി ബില്ലുകൾ കൊണ്ടുവരുമ്പോൾ അനുബന്ധമായി ചേർക്കേണ്ട പ്രധാന ആക്റ്റിലെ പ്രസ്തുത ഭാഗങ്ങൾ സാമാജികർക്ക് പ്രാപ്യമാക്കുന്ന രീതിയിൽ പരിഷ്കരിക്കുകയും അപ്ഡേറ്റ് ചെയ്യുകയും ചെയ്യണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അപ്-ടു-ഡേറ്റായിട്ടുള്ള ഭാഗങ്ങൾ ലഭ്യമാക്കിയിട്ടുള്ളതാണ്. പല നിയമങ്ങളിലൂടെയാണ് ഈ ഭേദഗതികൾ വരുത്തിയിട്ടുള്ളത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെയും 1994-ലെ

കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെയും ഭേദഗതി വരുത്തുന്ന വകുപ്പുകളുടെ പ്രസക്തഭാഗങ്ങളെല്ലാം അപ്-ടു-ഡേറ്റായി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ അനുബന്ധമായി ചേർത്തിട്ടുമുണ്ട്.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. എം. ബി. രാജേഷ്: സർ, 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി ബിൽ), 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കുണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2025 വരെ സർക്കുലേറ്റ് ചെയ്യുണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരള

സംസ്ഥാനം ഇന്ന് അധികാരവികേന്ദ്രീകരണത്തിൽ രാജ്യത്തിനുതന്നെ മാതൃകയായി മാറിയിട്ടുണ്ട്. അങ്ങനെയൊരു അഭിമാനം നമുക്ക് ഉയർത്തിപ്പിടിക്കാൻ കഴിയുന്നത് 1957-ൽ വന്ന ഒന്നാം ഇ.എം.എസ്. ഗവൺമെന്റ് മുതൽ കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റുകൾ സ്വീകരിച്ച നിലപാടാണെന്ന് വളരെ ശരിയായ നിലയിൽതന്നെ നമുക്ക് സ്ഥാപിക്കാനാകും. കേരളത്തിന്റെ അധികാരവികേന്ദ്രീകരണ ചരിത്രം പഠിക്കുന്ന ഏതൊരാൾക്കും അംഗീകരിക്കാൻ കഴിയുന്ന ഒരു നിലപാടാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. 1957-ലെ ഭരണപരിഷ്ക്കാര കമ്മീഷൻ റിപ്പോർട്ട്, അതിന്റെ തുടർച്ചയായി തയ്യാറാക്കിയ ഡിസ്ട്രിക്ട് ബോർഡ് ബിൽ, 1991-ൽ ജില്ലാ കൗൺസിലുകളുടെ രൂപീകരണം എന്നിവയൊക്കെ പരിശോധിച്ചാൽ ഇക്കാര്യം നമുക്ക് മനസ്സിലാക്കാൻ കഴിയും. അധികാരം ജനങ്ങളിലേയ്ക്കെത്തണമെന്നുള്ള ഗാന്ധിജിയുടെ സങ്കല്പം യഥാർഥത്തിൽ കേരളത്തിൽ ഉയർത്തിപ്പിടിച്ചത് എൽ.ഡി.എഫ്. ഗവൺമെന്റുകളാണെന്ന് നമുക്ക് മനസ്സിലാക്കാനാകും. 1996-ലെ എൽ.ഡി.എഫ്. സർക്കാരിന്റെ വികസന മുൻഗണനകളിൽ

പ്രധാനപ്പെട്ടതായിരുന്നു ജനകീയ അധികാരവികേന്ദ്രീകരണം എന്ന സങ്കല്പം. കേവലം ഭരണാധികാര കൈമാറൽ മാത്രമല്ല, സാമ്പത്തിക അധികാരങ്ങളും ജനങ്ങളുടെ മുന്നിലെത്തണമെന്നും ഫണ്ടുകൾ താഴെത്തട്ടിലേക്ക് കൈമാറണമെന്നുമുള്ള ഒരു കോൺസെപ്റ്റ് നടപ്പിലാക്കിയത് എൽ.ഡി.എഫ്. ഗവൺമെന്റുകളാണെന്ന് നമുക്ക് കാണാനാകും. ഞാൻ സൂചിപ്പിച്ചതുപോലെ, കേരളത്തിൽ ഇ.എം.എസ്. ഗവൺമെന്റിൽ തുടങ്ങി പിന്നീട് വന്ന എൽ.ഡി.എഫ്. ഗവൺമെന്റുകളുടെ കാലത്ത് വന്നിട്ടുള്ള ജനകീയാസൂത്രണം. അതിലൂടെ അധികാരം ജനങ്ങളിലെത്തുന്ന ഒരു നില നമുക്ക് കൈവരിക്കാനായി. അതുപോലെതന്നെ സാക്ഷരതാപ്രവർത്തനം കേരളത്തിൽ വലിയൊരു ജനകീയ പദ്ധതിയായി രൂപപ്പെട്ടു. അതെല്ലാം ഫലപ്രദമായി നടപ്പിലാക്കാൻ നേതൃത്വം കൊടുത്തത് പ്രാദേശിക ഭരണകൂടങ്ങളാണ്. അത്തരത്തിൽ പ്രാദേശിക ഭരണകൂടങ്ങളെ ശക്തിപ്പെടുത്തിയതുകൊണ്ടാണ് നമുക്ക് കേരളത്തിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാനായത്. നമ്മൾ തുടങ്ങിയിട്ടുള്ള ജനകീയ പ്രസ്ഥാനങ്ങളെല്ലാംതന്നെ വിജയകരമായി നമ്മുടെ

സമൂഹത്തെ മുന്നോട്ടുകൊണ്ടുപോകാനായിട്ടുണ്ട്. കേരളത്തിൽ ജനങ്ങളെ മുന്നോട്ടു നയിക്കുന്നതിൽ നവോത്ഥാന പ്രസ്ഥാനങ്ങൾ ......

മി. സ്പീക്കർ: നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കുശേഷം അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

(ശ്രീ. ഡി. കെ. മുരളി തുടരും......)